**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3310** — **25-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടയത്തിനായുള്ള അപേക്ഷകളുടെ അതിവേഗം തീർപ്പാക്കൽ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ജില്ലാ കളക്ടറേറ്റുകളിലും ലാൻഡ് ട്രൈബ്യൂണലുകളിലും പട്ടയത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് പട്ടയം അതിവേഗം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 17 ലാൻഡ് ട്രൈബ്യൂണലുകളും 15 സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകളും 16 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളുമാണുള്ളത്. ഇവിടങ്ങളിലായി ഒരു ലക്ഷത്തിൽപരം കേസുകളാണ് ഇനിയും തീർപ്പാക്കാനായി ശേഷിക്കുന്നത്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തി വരുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്നും പരിശീലനവും നൽകി വരുന്നു. ഈ സർക്കാരിന്റെ ആദ്യ 100 ദിവസത്തിനുള്ളിൽ പതിനായിരത്തോളം കേസുകൾ തീർപ്പാക്കാനും അർഹതയുണ്ടായിരുന്ന 7000 ത്തോളം പേർക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയം നൽകാനും കഴിഞ്ഞിട്ടുണ്ട്. ഒരു വർഷത്തിനകം 1 ലക്ഷം കേസുകൾ തീർപ്പാക്കാനുള്ള ഒരു കർമ്മ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടമായി അദാലത്ത് മാതൃകയിൽ 35000 കേസുകൾ തീർപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 20/10/2021-ന് ആരംഭിച്ച് 31/12/2021-ന് ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തെ ലാൻഡ് ബോർഡുകളെ നാല് സോണുകളായി തിരിച്ച് ഓരോ സോണിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകി അടിയന്തിരമായി കേസുകൾ തീർപ്പാക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിക്കുന്നുണ്ട്. |
| (ബി) | പാട്ടഭൂമി, കാണം ഭൂമി, ദേവസ്വം ഭൂമി തുടങ്ങിയവയുടെ പട്ടയത്തിനായി അപേക്ഷിച്ചവർക്ക് വർഷങ്ങൾക്ക് ശേഷവും പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് | (ബി) | ദേവസ്വങ്ങളും മതധർമ്മ സ്ഥാപനങ്ങളും ഭൂ ഉടമകളും ജന്മികളുമായി വരുന്ന ഭൂമികളെ സംബന്ധിച്ച ഇത്തരം ലാൻഡ് ട്രൈബ്യൂണൽ കേസുകൾ കൈകാര്യം ചെയ്യുന്നത് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണ്. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിവരിക്കുമോ; | | മാരാണ് ജില്ലകളിൽ ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളായി അധിക ചുമതല വഹിക്കുന്നത്. ധാരാളം മറ്റ് ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതിനാൽ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിൽ താരതമ്യേന കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് കാരണം പട്ടയം ലഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി അദാലത്തിൽ ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ കേസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പട്ടയ അപേക്ഷകളിന്മേലുള്ള ഹിയറിംഗ് തീയതികൾ പലപ്പോഴും നീട്ടിവെയ്ക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇതിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | കോവിഡ്-19 ന്റെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന കഴിഞ്ഞ വർഷങ്ങളിൽ ലാൻഡ് ട്രൈബ്യൂണൽ കേസുകളുടെ ഹിയറിംഗിന് തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. ഇപ്പോൾ ഹിയറിംഗ് തടസ്സമില്ലാതെ നടന്നുവരുന്നു. അപേക്ഷകരെ കേസിന്റെ ആവശ്യത്തിനായി 3 തവണയിൽ കൂടുതൽ വിളിച്ച് വരുത്തരുതെന്നും പരമാവധി 3 വിചാരണകളിൽ കേസ് തീർപ്പാക്കണമെന്നും മന്ത്രിതലത്തിൽ നടത്തിയ അവലോകന യോഗത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് നടത്താനും 73 ദിവസത്തിനുള്ളിൽ 35000 കേസുകൾ തീർപ്പാക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ